## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം – മലപ്പുറം ജില്ല നന്നമ്പ്ര ഗ്രാമപഞ്ചായത്ത് പെട്രോൾ പമ്പ് നിർമ്മാണം - ലേ - ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മലപ്പുറം നഗരാസൂത്രകയുടെ 27/09/2019-ലെ TCPMPM/1860/2019-A3 നമ്പർ കത്ത്.

2. നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/07/19-ലെ എ 5-2920/19 നമ്പർ കത്ത്.

---

## കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

**ഉത്തരവ്. നം. TCPCTP/2336/19-C2** **തീയതി : 07/11/2019**

---

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നന്നമ്പ്ര വില്ലേജിൽ റീ സർവ്വേ നമ്പർ 277/3-8-ൽ ഉൾപ്പെട്ട 2590 ച.മീ. സ്ഥലത്തു നിന്നും 921.11 ച.മീ. സ്ഥലം വേർതിരിച്ച് 331 ച.മീ. വിസ്തീർണമുള്ള പെട്രോൾ പമ്പ് (Canopy-299 ച.മീ., Sales Building-32 ച.മീ.) നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. കുഞ്ഞീതു ടി., വൈറ്റ് റോസ്, തെയ്യാലിങ്ങൽ പി.ഒ., മലപ്പുറം എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. KPBR 2011 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , അതിരുകൾ, അളവുകൾ, തരം, നിർമാണാവകാശം, പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും 2008-ലെ കേരള നെൽവയൽ തണ്ണീർത്തടനിയമത്തിന് അനുസൃതമാണെന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2. നിർമാണം KPBR 2011 നും അനുബന്ധ ചട്ടങ്ങൾക്കും അനുസൃതമായിരിക്കണം.
3. പെർമിറ്റ് നൽകുന്നതിന് മുമ്പ് ചട്ടം61(6) പ്രകാരം ഫയർ വകുപ്പിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
4. ചട്ടം 61(7) പ്രകാരം ഫയർ പ്രൊട്ടക്ഷൻ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. ചട്ടം 61(8) പ്രകാരമുള്ള സാനിറ്റേഷൻ സൗകര്യം നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
6. ചട്ടം 61(11) പ്രകാരം പെട്രോൾ നിറക്കൽ കേന്ദ്രത്തിന്റെ ചില്ലറ വിതരണ യൂണിറ്റ് പമ്പിന്റെ അതിർത്തിയായി അടയാളപ്പെടുത്തിട്ടുള്ള ഏതൊരു ബിന്ദുവിൽ നിന്നും 7.5 മീ അകലത്തിൽ ആണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. ചട്ടം 61(13) പ്രകാരം വിൽപ്പന ഓഫീസിന് തെരുവിനോട് ചേർന്നുള്ളതല്ലാത്ത പ്ലോട്ട് അതിരിൽ നിന്നും ചുരുങ്ങിയത് 1.0 മീ ഉറസ്സായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്.
8. കെ പി ബി ആർ 2011 ചട്ടം 61 (3), 61(4) പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.
9. കെ പി ബി ആർ 2011 ചട്ടം 61 (9) പ്രകാരം ജില്ലാ കളക്ടറിൽ നിന്നും PWD Roads അധികാരികളിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
10. കെ പി ബി ആർ 2011 ചട്ടം 61 (5) പ്രകാരം Pollution Control Board-ൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 128/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

പി.ആർ. ജയശ്രീ.
നഗരാസൂത്രക

സെക്രട്ടറി,
നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ശ്രീ. കഞ്ഞിതു ടി., വൈറ്റ് റോസ്, തെയ്യലിങ്ങൽ പി.ഒ., മലപ്പുറം.
2. ടൗൺ പ്ലാനർ, മലപ്പുറം.
3. വെബ് സൈറ്റ്.
4. കരുതൽ ഫയൽ.
5. അധികം.